## 3. രചനകൾ

ഒരു പുതിയ സംജ്ഞ എന്ന നിലയിൽ ഇസ്‌ലാമിക സാഹിത്യം എന്നതുകൊണ്ട് വിവക്ഷിക്കപ്പെടുന്ന അർഥങ്ങളും തത്സംബന്ധമായി സമകാലിക ലോകത്ത് നടന്നുകൊണ്ടിരിക്കുന്ന ചർച്ചകളുടെ പ്രധാന ഉള്ളടക്കങ്ങളും വിശദീകരിക്കുവാനാണ് ഈ കുറിപ്പിൽ ശ്രമിച്ചിട്ടുള്ളത്. സാഹിത്യകാരന്മാരെയും സാഹിത്യ കൃതികളെയും കുറിച്ചുള്ള വിവരണം കൂടി ഇതിന്റെ ഭാഗമായി ഉണ്ടാവേണ്ടതാണ്. അത്തരമൊരു ശ്രമം പല നിലയ്ക്കും ദുഷ്കരമാണ്. സാമാന്യമായി പറഞ്ഞാൽ ഈ മേഖലയിൽ ഇസ്‌ലാമിക സാഹിത്യം ബാലാരിഷ്ടതകൾ പിന്നിട്ടു കഴിഞ്ഞിട്ടില്ല. കവിതയിലാണ് ഇസ്‌ലാമിക സാഹിത്യത്തിന്റെ സർഗ പ്രതിഭ മുഖ്യമായും ഊന്നിയിട്ടുള്ളത് എന്ന് കാണാവുന്നതാണ്. അറബിയിൽ മാത്രം 1000-ത്തിൽ പരം ഇസ്‌ലാമിക കവികൾ ഉള്ളതായി പറയപ്പെടുന്നു. യൂസുഫുൽ അ്ള്മ്, ഉമർ അബൂരീശഃ, ഹാശിം രിഫാഈ, ഉമർ ബഹാഉദ്ദീനിൽ അമീരി, ഇസ്വാമുൽ അത്ത്വാർ, ശരീഫുൽ ഖാസിമി, അ്ല്ലാലുൽ ഫാസി, മുഹ്മ്മദ് അബൂഉമറൈൻ, അബ്ദുർറഹ്മാൻ ഫർഹാന, അഹ്മദ് ഹസ്ബൂ, മഹ്മൂദ് ഗനീം, മുഹ്‌യിദ്ദീൻ അത്വിയ്യഃ, മുഹ്മ്മദ് ദിയാഉദ്ദീനിസ്സാബൂനി തുടങ്ങിയവർ അവരിൽ പ്രമുഖരാണ്. ഡോ. മുസ്ത്വഫസ്സിബാഈ, സയ്യിദ് ഖുത്ബ്, ഡോ. യൂസുഫുൽ ഖറദാവി, ഹസ്സാൻ ഹത്ഹൂത്, മുഹമ്മദ് ഖുത്ബ്, അമീനഃ ഖുത്ബ്, നജീബ് കീലാനി തുടങ്ങിയവർ മറ്റു മേഖലകളിലാണ് പ്രശസ്തരായതെങ്കിലും നല്ല കവികൾ എന്ന നിലയിൽ കൂടി ശ്രദ്ധ പിടിച്ചുപറ്റിയിട്ടുള്ളവരാണ്. ഇസ്‌ലാമിക കവികളുടെ രചനകൾ മാത്രം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സമാഹാരങ്ങൾ പുറത്തിറക്കാനുള്ള ശ്രമങ്ങൾ നടന്നുവരുന്നുണ്ട്. ഇതിനകം 10 വാല്യങ്ങൾ പുറത്തിറങ്ങിയ *ശുഅറാഉദ്ദഅ്‌വതിൽ ഇസ്‌ലാമിയ്യഃ* എന്ന ഗ്രന്ഥാവലിയിൽ 60 കവികളുടെ രചനകൾ ചേർത്തിട്ടുണ്ട്. 30 കവികളുടെ രചനകൾ ഉൾക്കൊള്ളിച്ചിട്ടുള്ള മറ്റൊരു സമാഹാരമാണ് *മിനശ്ശിഅ്‌രിൽ ഇസ്‌ലാമിയ്യിൽ ഹദീഥ്. അശ്ശുഅറാഉ വൽഉദബാഉ അലൽമൻഹജിൽ ഇസ്‌ലാമി* എന്ന പേരിൽ ഇതേമട്ടിൽ മറ്റൊരു സമാഹാരവും പുറത്തിറങ്ങിയിട്ടുണ്ട്.

കഥ, നോവൽ, നാടകം എന്നീ മേഖലകളിൽ കവിതയിൽ കൈവരിച്ച അത്രയും പുരോഗതി കൈവരിക്കുവാൻ ഇസ്‌ലാമിക സാഹിത്യത്തിനു കഴിഞ്ഞിട്ടില്ല. അലി അഹ്മദ് ബാകഥീർ, അബ്ദുൽ ഹമീദ് ജൗദഃ അസ്സഹ്ഹാറ, ഡോ. ഇമാദുദ്ദീൻ ഖലീൽ, അഹ്മദ് ബഹ്ജത്, ഹാമിദ് ദിമൻഹൂരി, ഹംസഃ മുഹമ്മദ് ബൂഖുറാ, അമീനഃ ഖുത്ബ്, അബ്ദുൽ ഖാദിർ മുഹമ്മദ് അബ്ദുൽ ഖാദിർ, യഹ്‌യൽ ബശീരി, മഹ്മൂദ് ശൈത് ഖത്ത്വാബ്, ഇബ്റാഹീം അൽആസി, നാസിക് ത്വൻത്വാവി, അബ്ദുല്ലാ ത്വൻത്വാവി, ജിഹാദുർറഹ്ബി, അഹ്മദ് മഹ്മൂദ് മുബാറക്, സലാം അഹ്മദ് ഇദ്‌രീസൂ, അബ്ദുസ്സലാമിർറാഗിബ്, ഖാലിദുൽ ഹുറൂബ്, ഫാറൂഖ് ഹസനുസ്സയ്യിദ് തുടങ്ങിയ നിരവധി പേർ ഈ രംഗത്ത് ശ്രദ്ധ പിടിച്ചുപറ്റിയവരായുണ്ട്. ഡോ. നജീബ് കീലാനിയുടെ പേര് പ്രത്യേകം പരാമർശമർഹിക്കുന്നു. കഥ, നോവൽ, നാടകം, കവിത, നിരൂപണം, ചരിത്രാഖ്യായിക തുടങ്ങി അദ്ദേഹം കൈവെക്കാത്ത മേഖലകൾ ചുരുക്കം. നജീബ് മഹ്ഫൂളിന് നോബൽ സമ്മാനം ലഭിച്ചപ്പോൾ ചില പത്രപ്രവർത്തകർ അദ്ദേഹത്തോട് ചോദിക്കുകയുണ്ടായി: ''താങ്കളല്ലെങ്കിൽ അറബി സാഹിത്യത്തിൽ ഈ മഹത്തായ പുരസ്കാരത്തിന് അർഹനായി മറ്റാരെയാണ് താങ്കൾ കാണുന്നത്? '' അദ്ദേഹത്തിന്റെ മറുപടി: 'ഡോ. നജീബ് കീലാനി' എന്നായിരുന്നു. ഡോ. കീലാനിക്ക് മാത്രമല്ല, ഇസ്‌ലാമിക സാഹിത്യപ്രസ്ഥാനത്തിനു കൂടിയുള്ള ഒരംഗീകാരമാണ് നജീബ് മഹ്ഫൂളിന്റെ ഈ അഭിപ്രായ പ്രകടനം എന്ന കാര്യത്തിൽ സംശയമില്ല.

കവിതയെപ്പോലെ ഇസ്‌ലാമിസ്റ്റുകളായ കഥാകാരന്മാരുടെ കഥകൾ സമാഹരിച്ചു പുറത്തിറക്കാനുള്ള ചില സംരംഭങ്ങൾ നടക്കുകയുണ്ടായിട്ടുണ്ട്. ഇമാദുദ്ദീൻ ഖലീൽ, നബീൽ ഖലീൽ, മുഹമ്മദ് ഹസനാവി, അബ്ദുല്ലാ ത്വൻത്വാവി, ഇബ്റാഹീമുൽ ആസി തുടങ്ങിയവരുടെ കഥകൾ ഉൾപ്പെടുത്തിയ *അസ്‌വാത്* ആണ് ഈ രംഗത്തെ ആദ്യ സംരംഭം. റാബിത്വതുൽ അദബിൽ ഇസ്‌ലാമി മുൻകൈയെടുത്ത് *ഖത്ത്വുല്ലീഖാത്* എന്ന പേരിൽ ഈയിടെ മറ്റൊരു സമാഹാരവും പുറത്തിറക്കിയിരുന്നു.

ശക്തമായ ഒരു വിമർശന ശാഖ വളർന്നുവരാത്തതാണ് ഇസ്‌ലാമിക സാഹിത്യത്തിന്റെ വളർച്ചക്കു മുമ്പിലുള്ള പ്രധാന തടസ്സം എന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. എങ്കിലും ഇസ്‌ലാമിക പരിപ്രേക്ഷ്യത്തിൽ സാഹിത്യ വിമർശനം നടത്തുന്ന ഒട്ടേറെ പേർ ഇന്ന് രംഗത്തുണ്ട് എന്നത് മറക്കാനാവില്ല. പ്രൊഫ. മുഹമ്മദ് ഖുത്ബ്, ഡോ. ഇമാദുദ്ദീൻ ഖലീൽ, ഡോ. ഹിൽമി മുഹമ്മദുൽ ഖാഊദ്, ഡോ. ജാബിർ ഖമീഹ്, ഡോ. മുഹമ്മദ് അബ്ദുൽ ബാസിത് ബദ്ർ, ഡോ. മുഹമ്മദ് ആദിൽ ഖാസിമി, മുഹമ്മദ് മുസ്ത്വഫാ ഹദ്ദാറഃ, മുഹമ്മദ് മജ്ദൂബ് തുടങ്ങിയവരുടെ പേരുകൾ അക്കൂട്ടത്തിൽ ശ്രദ്ധേയങ്ങളാണ്.

പ്രൊഫ. മുഹമ്മദ് ഖുത്ബ്, മൗലാനാ അബുൽഹസൻ അലി നദ്‌വി, ഡോ. നജീബ് കീലാനി, ഡോ. ഇമാദുദ്ദീൻ ഖലീൽ, മുഹമ്മദ് ഹുസൈൻ ബരിഗ്ഷ്, ഡോ. അബ്ദുൽ ഖുദ്ദൂസ്, നസീർ അഹ്മദ് നാസിർ, ഡോ. അഹ്മദ് സജ്ജാദ് തുടങ്ങി ഒട്ടേറെ പേർ ഇസ്‌ലാമിക സാഹിത്യത്തിന്റെ സിദ്ധാന്തങ്ങളും സൗന്ദര്യ ശാസ്ത്രമാനങ്ങളും വിവരിച്ചു ഗ്രന്ഥരചന നടത്തിയിട്ടുണ്ട്.